# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
18-02-2015

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

സൂചന: (1). ഞങ്ങളുടെ കത്ത് തീയതി 21.10.2013
(2) No.D (S..C.M & GE)/G4/PH.Visit/14-15 dated 17.10.2015

സൂചന കത്ത് പ്രകാരം വൈദ്യുതി ബോർഡിന്റെ മൂലമറ്റം പ്രോജക്ട് സന്ദർശിക്കുന്നതിന് ജീവനക്കാരെ അനുവദിക്കണമെന്ന് കോൺഫെഡറേഷൻ ആവശ്യപ്പെട്ടിരുന്നു. സൂചന (2) പ്രകാരം ജീവനക്കാർക്ക് മൂലമറ്റം പവ്വർഹൗസ് കാണുന്നതിനുള്ള അനുവാദം നൽകിക്കൊ് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഞങ്ങളുടെ ആവശ്യം പരിഗണിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു. ഉത്തരവ് സൂചന (2) പ്രകാരം ഫെബ്രുവരി 19 ാം തീയതിവരെ മാത്രമേ പരിക്ഷണ അടിസ്ഥാനത്തിൽ പവ്വർഹൗസ് കാണുവാൻ അനുവാദം നൽകിയിട്ടുള്ളു.

സന്ദർശനംമൂലം വൈദ്യുതി നിലയത്തിന്റെ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉ ായിട്ടില്ലാത്തതിനാലും ഒരു സ്ഥാപനത്തിലെ ജീവനക്കാർ ആ സ്ഥാപനത്തിന്റെ സുരക്ഷയ്ക്ക് തടസ്സമാകില്ലാത്തതിനാലും തുടർന്നും 100 പേർ എന്ന കണക്കിൽ മൂലമറ്റം പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള ബോർഡ് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സൂചന (2) ബോർഡ് ഉത്തരവ് Clause 16 പ്രകാരം, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ 23.02.2015 ൽ അവലോകന ം ചെയ്യുന്നതും സംഘടനകൾ നൽകുന്ന കൂടുതൽ നിർദ്ദേശങ്ങൾ പരിഗണിക്കുമെന്നും പ്രതിപാദിച്ചിട്ട്. ജീവനക്കാരോടൊപ്പം അവരുടെ കുടുംബാഗങ്ങൾക്കും (ശരിയായ രേഖയോടെ) പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള അനുവാദം നൽകുന്നത് ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാകും

എന്നുള്ളതുകൂടി പരിഗണിച്ച് കുടുംബാഗങ്ങൾക്ക് കൂടി പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള അനുകൂല തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

കോപ്പി: ഡയറക്ർ (ജനറേഷൻ) KSEB Ltd

KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

ഓഫീസ് ഓഫ് ദി ഡയറക്ടർ (എസ്.സി.എം. & ജി.ഇ.)

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം

നമ്പർ. ഡി (എസ്.സി.എം. & ജി.ഇ.)/ ജി.4/പി.എച്ച്.വിസിറ്റ്/14-15 തീയതി. 24 / 02/ 2015

## സർക്കുലർ

വിഷയം : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള ഇടുക്കി ഭൂഗർഭ ജല വൈദ്യുത നിലയത്തിൽ (മൂലമറ്റം പവർ ഹൗസ്) സ്ഥിരം ജീവനക്കാർക്ക് പ്രവേശനം നൽകുന്നത് - പുനരവലോകനം- സംബന്ധിച്ച്.

സൂചന : 17/01/ 2015 , 03/02/ 2015 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ .

സൂചനയിലെ സർക്കുലറുകൾ പ്രകാരം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സ്ഥിരം ജിവനക്കാർക്ക്, നിബന്ധനകൾക്കു വിധേയമായി പരീക്ഷണാടിസ്ഥാനത്തിൽ മൂലമറ്റം പവർ ഹൗസിലേക്ക് 20-01-2015 മുതൽ 19-02-2015 വരെയുള്ള ഒരു മാസ കാലയളവിൽ സന്ദർശനാനുമതി നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് 02/02/2015 വരെ ലഭ്യമായ 1587 അപേക്ഷകരിൽ നിന്നും മുൻഗണനാ ക്രമമനുസരിച്ച് 804 പേർക്ക് പ്രവേശന പാസ്സിനുള്ള അനുമതി പത്രങ്ങൾ, ഈ ഓഫീസിൽ നിന്നും നൽകുകയും ചെയ്തിരുന്നു.

ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ 23-02-2015-ൽ അവലോകനം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിരുന്നു. പ്രസ്തുത അവലോകനത്തിന് മുന്നോടിയായി മൂലമറ്റം പവർ ഹൗസിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും ഓഫിസർമാരുടെയും വിവിധ സംഘടനകളുടേയും പ്രധിനിധികളുമായി മൂലമറ്റത്തു വച്ച് 21/02/ 2015 - ൽ ഒരു അവലോകനായോഗം നടത്തുവാൻ ഡെപ്യൂട്ടി ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

1. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ അവധി ദിവസങ്ങളിൽ പ്രവേശനം അനുവദിക്കരുത്.
2. സന്ദർശകരുടെ എണ്ണം 50 ആയി നിജപ്പെടുത്തേണ്ടതാണ്.
3. ജനറേറ്ററുകളുടെ വാർഷിക അറ്റകുറ്റ പണികൾ നടക്കുമ്പോൾ സന്ദർശനാനുമതി നൽകുവാൻ പാടില്ല.

മുൻ നിശ്ചയ പ്രകാരം 23 /02/ 2015 –ൽ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും മുകളിൽപ്പറഞ്ഞ നിർദ്ദേശങ്ങളും മറ്റു സംഘടനകൾ നൽകിയ നിർദ്ദേശങ്ങളും കൂടി കണക്കിലെടുത്ത്, താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. പ്രവേശനാനുമതി നൽകാൻ കഴിയാതെ വന്ന അപേക്ഷകൾ കണക്കിലെടുത്ത്, സന്ദർശനത്തിനുള്ള അനുമതി 02/03/2015 മുതൽ 30/05/2015 വരെയുള്ള കാലയളവിലേക്ക് കൂടി നീട്ടി നൽകുന്നതാണ്.
2. നിലവിൽ, ഈ ഒഫീസിൽ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ മുൻഗണനാ ക്രമമനുസരിച്ച് സന്ദർശനാനുമതി നൽകുന്നതും, ഇതിനായി അപേക്ഷകരുടെ ഫോൺ നമ്പറിൽ ബന്ധപ്പെടുന്നതുമായിരിക്കും.
3. പ്രവേശനം 50-ൽത്താഴെ നിജപ്പെടുത്തി നിർത്തണം എന്ന് അഭിപ്രായപ്പെട്ടിരുന്നെങ്കിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള അപേക്ഷകളുടെ ആധിക്യം പരിഗണിച്ച് ഒരു ദിവസം പരമാവധി 70 വരെ ജീവനക്കാർക്ക് പ്രവേശനം അനുവദിക്കുന്നതാണ്.

4. ജീവനക്കരുടെ കുടുംബാഗംങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യണം എന്ന് ജീവനക്കാരുടെ സംഘടനകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും, ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള അപേക്ഷകളുടെ ബാഹുല്യം പരിഗണിച്ച് തൽക്കാലം പ്രസ്തുത വിഷയം പരിഗണിക്കേണ്ടതില്ല എന്ന് തിരുമാനിച്ചു .

5. നിലവിൽ, ഏകദേശം 1800-ഓളം അപേക്ഷകർ ഉള്ളതിനാലും, അവർക്ക് മുൻഗണന നൽകേണ്ടതിനാലും, പുതിയ അപേക്ഷകൾ 2015 മാർച്ച് 23-നു ശേഷം മാത്രമേ സ്വീകരിക്കുകയുള്ളൂ..

6. ഈ ഓഫീസിൽ നിന്നും 804 പേർക്ക് പ്രവേശന പാസ്സിനുള്ള അനുമതി പത്രങ്ങൾ, നൽകിയെങ്കിലും, 651 -പേർ മാത്രമാണ് പ്രസ്തുത കാലയളവിൽ പവർ ഹൗസ് സന്ദർശനം നടത്തിയിട്ടുള്ളത് എന്ന് മൂലമറ്റത്തു നിന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇത് മറ്റുള്ള അപേക്ഷകരുടെ അവസരം നഷ്ടമാകാൻ കാരണമായിട്ടുണ്ട്.ആയതിനാൽ അനുമതി പത്രങ്ങൾ നൽകിയിട്ടും പ്രസ്തുത കാലയളവിൽ സന്ദർശനം നടത്താത്തവരുടെ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പ്രസ്തുത കാര്യം, ശുപാർശ നൽകുന്ന ഓഫീസ് മേധാവി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. ജൂൺ മാസം മുതൽ മൂലമറ്റം വൈദ്യുത നിലയത്തിൽ വാർഷിക അറ്റകുറ്റ പണികൾ നടത്തേണ്ടതിനാൽ, 2015 മെയ് മാസം 30 -വരെ മാത്രമായിരിക്കും ഇപ്പോൾ പ്രവേശനാനുമതി നൽകുക. തുടർന്നുള്ള കാലയളവിലെ പ്രവേശനത്തെ സംബന്ധിച്ച് 2015 മെയ് മാസം 30 –നു ശേഷം തീരുമാനമെടുക്കുന്നതായിരിക്കും.

**8. മൂലമറ്റം പവർ ഹൗസ് അതീവ സുരക്ഷ വേണ്ട ഒരു സ്ഥാപനമാണ്.ആയതിനാൽ സന്ദർശകർ എല്ലാവിധ നിർദ്ദേശങ്ങളും പാലിക്കാൻ ബാധ്യസ്ഥരാണ്.ജിവനക്കാരുടെ ദീർഘ കാലത്തെ അപേക്ഷ പരിഗണിച്ചാണ് ഈ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. സന്ദർശന വേളയിൽ ഉണ്ടാകുന്ന ഏതു തരത്തിലുള്ള അച്ചടക്കരാഹിത്യത്തിനും സന്ദർശനാനുമതിയ്ക്ക് ശുപാർശ നൽകിയ ഓഫീസ് മേധാവി ഉത്തരവാദി ആയിരിക്കും എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.**

9. ഒരിക്കൽ സന്ദർശനാനുമതിക്കായി ശുപാർശ നൽകിയ ജിവനക്കാർക്ക് വിണ്ടും ശുപാർശ നൽകാൻ പാടില്ലാത്തതാകുന്നു. ഇത്തരം അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

10. പ്രവേശനത്തിനുള്ള അനുമതി പത്രത്തിന്റെ പകർപ്പ്, ശുപാർശ നൽകിയ ഓഫീസ് മേധാവിയെയും മൂലമറ്റം ജനറേഷൻ സർക്കിൾ ഓഫീസിലും, ഫാക്സ് / ഇ-മെയിൽ മുഖാന്തിരം നൽകുന്നതായിരിക്കും. സന്ദർശന ദിവസത്തിന് രണ്ടു ദിവസം മുൻപ് അനുമതി പത്രം കിട്ടാത്ത പക്ഷം, അപേക്ഷകർക്ക് തഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടവുന്നതാണ്.

**9496012173 , 0471-2514338 , 9446008184**

11. ഒരിക്കൽ സന്ദർശനത്തിന് ശുപാർശ നൽകിയിട്ടുള്ള തീയതിയിൽ പിന്നീട് മാറ്റം അനുവദിക്കുന്നതല്ല.

12. മേൽസൂചനയിലെ സർക്കുലറുകളിലെ നിബന്ധനകളെല്ലാം തന്നെ തുടർന്നുള്ള കാലയളവിലെ സന്ദർശനത്തിനും ബാധകമായിരിക്കുന്നതാണ്.

ഒപ്പ്

ജെ. ബാബുരാജ്

**ഡയറക്ടർ (എസ്.സി.എം. & ജി.ഇ.)**

പകർപ്പ് :- 1. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും , മറ്റ് ഓഫീസ് മേധാവികൾക്കും.
2. സി.എം.ഡി.യുടേയും മറ്റു ഡയറക്ടർമാരുടേയും റ്റി.എ.
3. എല്ലാ ട്രേഡ് യൂണിയനുകൾക്കും ഓഫീസർമാരുടെ സംഘടനകൾക്കും